**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ചെങ്ങന്നൂർ നഗരസഭ - സീനിയർ ക്ലാർക്ക് ശ്രീ. വി. അനന്തമോഹനന്റെ ചികിത്സാ ചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3134/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 15.10.2015.

=================================================================

പരാമർശം:- 1) ശ്രീ. വി. അനന്തമോഹനന്റെ 09.10.2014-ലെ അപേക്ഷ.

2) നഗരകാര്യ ഡയറക്ടറുടെ 11.03.2015 തീയതിയിലെ ഡി.സി1-3403/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചെങ്ങന്നൂർ നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ. വി അനന്ത മോഹനൻ ഹൃദയസംബന്ധമായ അസുഖത്തിന് സെന്റ് ഗ്രിഗോറിയസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ചികിത്സ നടത്തിയതിന് ചെലവായ 2,35,564/- രൂപ റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് മേൽ 2-ാമതായി വായിച്ച കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ.വി. അനന്തമോഹനന് ഹൃദയസംബന്ധമായ അസുഖത്തിന് പത്തനംതിട്ട സെന്റ് ഗ്രിഗോറിയസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന വ്യവസ്ഥയിലും ടി തുക ചെങ്ങന്നൂർ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു നൽകാവുന്നതാണെന്ന നഗരസഭാ കൗൺസിൽ - തീരുമാനത്തിന്റെ

അടിസ്ഥാനത്തിലും റീ ഇംബേഴ്സ് ചെയ്യുന്നതിന് ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ.
ശ്രീ. വി. അനന്തമോഹനൻ, സീനിയർ ക്ലാർക്ക്, ചെങ്ങന്നൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**